# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2117 — 11/03/2020 ൽ മറുപടിക്ക്

## കെൽപാം പുറത്തിറക്കിയ പാനീയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര കൊറ്റമത്ത് പ്രവർത്തിക്കുന്ന കെൽപാമിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) കെൽപാമിന്റെ പ്രവർത്തനം ഇപ്പോൾ മെച്ചപ്പെട്ട രീതിയിലേക്ക് പുരോഗമിക്കുകയാണ്. പാംഷുഗർ ഉപയോഗപ്പെടുത്തി ആറ് വ്യത്യസ്ത സ്വാദുകളിലുള്ള ശീതള പാനീയങ്ങൾ ഇപ്പോൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. എന്നാൽ സർക്കാർ ഗ്രാന്റ് ആയി അനുവദിച്ചിരുന്ന 25 ലക്ഷം രൂപ വിനിയോഗിച്ച് 100 KVA ഉൽപാദന ശേഷിയുള്ള ഒരു ജനറേറ്റർ സ്ഥാപിക്കുകയുണ്ടായി. കൂടാതെ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ഒരു പെറ്റ് ബോട്ടിൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഉൽപന്നം "ന്യൂട്രിഫെഡ് " എന്ന പേരിൽ വിപണിയിൽ ഇറക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. കൂടാതെ പാംഫ്രൂട്ട് ജാം, പാംഫ്രൂട്ട് സ്ക്വാഷ്, പാം വൈൻ എന്നിവയും ഉൽപാദിപ്പിക്കാൻ ശ്രമം നടക്കുന്നു. വിപണിയിലെ മത്സരങ്ങൾ നേരിടാൻ ISO സർട്ടിഫിക്കേഷൻ, ബാർകോഡ് എന്നിവ നേടിയിട്ടുണ്ട്. |
| (ബി) കെൽപാം നിലവിൽ പുറത്തിറക്കിയ പാനീയങ്ങൾ മാർക്കറ്റിൽ ഇടം പിടിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) കെൽപാം പുറത്തിറക്കിയ പാനീയങ്ങൾ മാർക്കറ്റിൽ ഇടം പിടിക്കുന്നതിനായി പ്രത്യേകം ബങ്കുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. കൂടാതെ മൊബൈൽ ബങ്കുകൾ നടത്താൻ ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാന തലത്തിൽ ഒരു ഡിസ്ട്രിബ്യൂട്ടറെ കണ്ടെത്താനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഡിജിറ്റൽ മാർക്കറ്റിംഗിനു വേണ്ടിയുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) 2016 മുതൽ കെൽപാമിന് എത്ര തുകയാണ് വ്യവസായ വകുപ്പ് നൽകിയത് എന്ന് വ്യക്തമാക്കാമോ? | (സി) 2016 മുതൽ ഗ്രാന്റ് ഇനത്തിൽ 125 ലക്ഷം രൂപയും വായ്പയായി 50 ലക്ഷം രൂപയും വ്യവസായ വകുപ്പിൽ നിന്നും അനുവദിച്ചിരുന്നു. കൂടാതെ പാലക്കാട് മോഡേൺ റൈസ് മിൽ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും 158 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ